**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ**
**കാര്യാലയം, തിരുവനന്തപുരം.**

(ഹാജർ : ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്.)

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - കൃഷി ആഫീസർ തസ്തികയിലെ 2018 വർഷത്തെ പൊതു സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സ.ഉ (സാധാ) നം.350/2018/കൃഷി തീയതി, 13.04.2018.
2) സ.ഉ (സാധാ) നം.387/2018/കൃഷി തീയതി, 24.04.2018.
3) ഈ ആഫീസിലെ 16.04.2018, 25.04.2018, 03.05.2018, 02.06.2018 തീയതികളിലെ എസ് എ (2) 39528/17 നമ്പർ സർക്കുലർ.
4) സ.ഉ (സാധാ) നം.507/18/കൃഷി തീയതി, 04.06.2018.
5) ഈ ആഫീസിലെ 14.06.2018 തീയതിയിലെ എസ് ഡി (3) 10357/2018 നമ്പർ ഉത്തരവ്.

**ഉത്തരവ് നം.എസ് ഡി (3) 10357/2018 തീയതി, 29.06.2018**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം 2018 വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ സർക്കുലർ പ്രകാരം 2018-ലെ പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ സ്പാർക്ക് (SPARK) മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും നിശ്ചിത സമയപരിധിക്കുള്ളിൽ വകുപ്പ് മേധാവിക്ക് ഓൺലൈനായി ഫോർവേഡ് ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. പരാമർശം (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം, ബന്ധപ്പെട്ട മേലധികാരികൾക്ക് ഓൺലൈൻ മുഖാന്തിരം ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ ഫോർവേഡ് ചെയ്യുന്നതിന് 08.06.2018 വരെ സമയം ദീർഘിപ്പിച്ചു നൽകിയിരുന്നു. അപ്രകാരം ബന്ധപ്പെട്ട മേലധികാരിയുടെ ശുപാർശയോടുകൂടി ഓൺലൈൻ മുഖേന ഈ ആഫീസിൽ ലഭിച്ച തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റ അപേക്ഷകൾ 'SPARK' മുഖേന പ്രോസസ് ചെയ്ത് ലഭിച്ച കരട് സ്ഥലംമാറ്റ പട്ടിക പരാമർശം (5) ലെ ഉത്തരവ് പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ 'www.keralaagriculture.gov.in'-ൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത പട്ടികയിന്മേലുള്ള പരാതികൾ / ആക്ഷേപങ്ങൾ 18.06.2018 വൈകുന്നേരം 5 മണിവരെ agritransfer2018@gmail.com എന്ന ഇ-മെയിലിൽ സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന് പരാതികൾ സമർപ്പിക്കാവുന്ന തീയതി 20.06.2018 വരെ ദീർഘിപ്പിച്ചിരുന്നു.

മേൽവിവരിച്ച പ്രകാരം നിർദ്ദിഷ്ട സമയപരിധിയിക്കുള്ളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച്, പരിഗണനാർഹമായ അപേക്ഷകൾ ആയതിന് ആധാരമായ രേഖകളുടെയും നിർദ്ദിഷ്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ഉൾപ്പെടുത്തി, കരട് സ്ഥലംമാറ്റ പട്ടികയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, അന്തിമ സ്ഥലംമാറ്റ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്ത് പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഉത്തരവിന്റെ വ്യക്തിഗത പകർപ്പുകൾ അയയ്ക്കുന്നതല്ല. എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും മറ്റ് ബന്ധപ്പെട്ട ആഫീസ് മേധാവി / നിയന്ത്രണോദ്യോഗസ്ഥരും സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അനുബന്ധ പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് നൽകേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ ചെയ്യു / ജോലിയിൽ പ്രവേശിക്കുന്ന തീയതി യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം നൽകപ്പെട്ട കൃഷി ആഫീസർമാരുടെ സീനിയോറിറ്റി പുതിയ യൂണിറ്റിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയതിയുടെ അടിസ്ഥാനത്തിൽ പുനഃനിശ്ചയിക്കേണ്ടതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ -**
**വകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.
(ആഫീസ് മേധാവി മുഖേന)

ADMINISTRATIVE ASSISTANT
Directorate of Agriculture
Vikas Bhavan
Thiruvananthapuram

പകർപ്പ് :-

1) എല്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർമാർക്കും.
2) കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള എല്ലാ ആഫീസ് മേധാവികൾക്കും.
3) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ റ്റി സെൽ), എച്ച് ക്യൂ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്ക്)
4) എസ് ഡി (1) / എസ് ഡി (2) സീറ്റ്.
5) കൃഷി ഡയറക്ടറുടെ പി എ-യ്ക്ക്.
6) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി എ-യ്ക്ക്.
7) കരുതൽ ഫയൽ 2018/ അധികം.

എസ്.എ. 29/06.